"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 14-05-2020

## സർക്കുലർ നം 41

സംസ്ഥാനത്തെ ജയിൽ സ്ഥാപനങ്ങളിൽ കോവിഡ്-19 പ്രതിരോധിക്കുന്നതിൻറെ ഭാഗമായി എല്ലാ സ്ഥാപനമേധാവികളും ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്ഃ

1. എല്ലാ ദിവസവും ഒരു നേരം വരാന്ത കഴുകിയും ജയിലുകളുടെ മുറിയുടെ തറ ഒപ്പം 4 അടി ഉയരം വരെ ഭിത്തിയും, വാതിലുകളും ജനലുകളും അണുനാശിനി ഉപയോഗിച്ച് തുടയ്ക്കുന്ന ഉത്തരവാദിത്തം ഓരോ മുറിയിലേയും അന്തേവാസികളെ ഏൽപ്പിക്കേണ്ടതാണ്. ബ്ലീച്ചിംങ് പൌഡർ വെള്ളത്തിൽ ലയിപ്പിച്ചെടുക്കുന്ന ബ്ലീച്ചിംങ് ലായനിയാണ് ഏറ്റവും ചെലവുകുറഞ്ഞ അണുനാശിനി.
2. ലാട്രിനുകളുടെ ക്ലോസെറ്റ്, ഫുട്റെസ്റ്റ് എന്നിവ ഓരോ തവണയും ഉപയോഗിക്കുന്നതിനു മുമ്പായി അണു നാശിനി ഉപയോഗിക്കണം എന്ന നിർദ്ദേശം അന്തേവാസികൾക്കു നൽകണം.
3. ലോക്കപ്പിനു ശേഷം ഓടകളിലും കുളിത്തൊട്ടിയുടെ പരിസരത്തും ബ്ലീച്ചിംങ് പൌഡർ വിതറി അണു വിമുക്തമാക്കണം. കുളി സ്ഥലത്ത് ബക്കറ്റും മഗ്ഗും ഉപയോഗപ്പെടുത്തിവേണം ഓരോരുത്തരും വെള്ളം ഉപയോഗിക്കേണ്ടത്.
4. എല്ലാ തടവുകാർക്കും ഒരു ജോടി മാസ്ക് നൽകാനുള്ള നടപടിയെടുക്കണം. ക്യാന്റീനിൽ വിലയ്ക്കു വാങ്ങാവുന്ന വിധത്തിൽ മാസ്ക് ലഭ്യമാക്കണം. തടവുകാർ അവ ധരിക്കുന്നതായി ഉറപ്പാക്കണം.
5. തടവുകാരുടെ ക്ലോത്തിംങിൽ ഉൾപ്പെടുത്തി ഉപയോഗിക്കാൻ വിതരണം ചെയ്യുന്ന തോർത്ത് മുഖാവരണമായി എല്ലായ്പ്പോഴും ധരിക്കാൻ നിർദ്ദേശം നൽകണം.
6. ജയിലിനുള്ളിൽ ക്ലീനിംങ് ജോലികൾക്ക് ചട്ടപ്രകാരം നിശ്ചയിച്ച അനുപാതത്തിലധികം അന്തേവാസികളെ നിയോഗിക്കുകയും അത്തരത്തിലുള്ളവർ 21 നും 50 നും ഇടയിൽ പ്രായമുള്ള പൂർണ്ണ ആരോഗ്യവാൻമാരും മറ്റ് അസുഖങ്ങൾ ഇല്ലാത്തവരുമായിരിക്കാൻ ശ്രദ്ധിക്കുകയും വേണം. ക്ലീനിംങ് ജോലികൾക്ക് നിയോഗിക്കുന്നവർക്ക് ഗ്ലൌസ് വിതരണം ചെയ്യേണ്ടതാണ്.
7. ജയിൽ അടുക്കളയിലെ പാത്രങ്ങൾ കഴുകി വൃത്തിയാക്കിയും അടുക്കള കഴുകിയും പാചകാവശിഷ്ടങ്ങളോ ഭക്ഷണാവശിഷ്ടങ്ങളോ ഇല്ലാതെ സൂക്ഷിക്കുകയും വേണം. അടുക്കളയിലെ ഓടയിൽ വെള്ളം കെട്ടികിടക്കുന്ന അവസ്ഥ ഒഴിവാക്കണം. അടുക്കള ഭാഗത്തെ ഓടയിൽ ബ്ലീച്ചിംങ് പൌഡർ എല്ലാ ദിവസവും വിതറണം.
8. തടവുകാർക്ക് ഇടവിട്ട് കൈ കഴുകാനുള്ള അവസരം നൽകുകയും അതിനായി സോപ്പ്/സോപ്പ് ലായിനിയും വെള്ളവും ക്രമീകരിക്കുകയും വേണം.
9. കോർപ്പറേഷൻ/മുനിസിപ്പാലിറ്റിയുമായി ബന്ധപ്പെട്ട് കൃത്യമായ ഇടവേളയിൽ ഫോഗിംങ് നടത്താൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.
10. ഫയർ ആന്റ് റെസ്ക്യൂ വകുപ്പുമായി സഹകരിച്ച് അണുനാശക നടപടികൾ സ്വീകരിക്കേണ്ടതാണ്.

11. ബ്ളിച്ചിംങ് ലായനി, ഫിനൈൽ, ലോഷൻ ഇവ സ്പ്രേ ചെയ്യുന്നതിനുള്ള സ്പ്രെയറുകൾ വാങ്ങുന്നതിന്/ സംഭാവനയായി സ്വീകരിക്കുന്നതിന് മേജർ ജയിലുകളുടെ സൂപ്രണ്ടുമാർ ശ്രദ്ധിക്കേണ്ടതാണ്.

12. പരസ്പരം സ്പർശിച്ചും, അന്യരുടെ വസ്തുക്കൾ പങ്കുവച്ചും , പാത്രങ്ങൾ, കിടക്ക, വസ്ത്രം എന്നിവ പൊതുവായി കൈകാര്യം ചെയ്യുമുള്ള അന്തേവാസികളുടെ നടപടികൾ കർശനമായി നിരുൽസാഹപ്പെടുത്തേണ്ടതാണ്.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: എല്ലാ സ്ഥാപനമേധാവികൾക്കും

പകർപ്പ് : മേഖലാ ഡി.ഐ.ജി. മാർക്ക്